**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ** - 1012 10.06.2019-ലെ മറുപടി

**ജല അതോറിറ്റിയുടെ വൈദ്യുതി ചാർജ്ജ്**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. എം. വിൻസെന്റ്** | **കെ. കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) വൈദ്യുതി ചാർജ്ജ് ജലഅതോറിറ്റിക്ക് വൻ ബാധ്യത ഉണ്ടാക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | എ) ഉണ്ട്. കേരള വാട്ടർ അതോറിറ്റി ഉല്പാദന ചെലവിനെക്കാൾ കുറഞ്ഞ നിരക്കിൽ ശുദ്ധജലം വിതരണം ചെയ്യുകയും കെ.എസ്.ഇ.ബി വൈദ്യുതി ചാർജ്ജ് വ്യാവസായിക നിരക്കിൽ ഈടാക്കുകയും ചെയ്യുന്നതു മൂലം വാട്ടർ അതോറിറ്റിക്ക് വൻ ബാധ്യത ഉണ്ടാകുന്നുണ്ട്. |
| ബി) ജലഅതോറിറ്റിയുടെ പ്രതിമാസ വൈദ്യുതി ചാർജ്ജ് ശരാശരി എത്രയാണ്; | ബി) ഏകദേശം 23 കോടി രൂപ |
| സി) വൈദ്യുതി ചാർജ്ജ് കുറച്ചുകൊണ്ടുവരുന്നതിനായി ജലഅതോറിറ്റി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | സി) സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ അടിയന്തിരമായി ആവിഷ്കരിച്ചുകൊണ്ടിരിക്കുകയാണ്. ഈ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലങ്ങൾ നിർണ്ണയിക്കുന്നത് പുരോഗമിക്കുന്നു. കൂടാതെ ഉപയോഗത്തിലില്ലാത്ത പമ്പ് ഹൗസുകളിലെ വൈദ്യുതി വിച്ഛേദിച്ചും കണക്റ്റിങ് ലോഡ് കുറവ് ചെയ്തും പമ്പ് ഹൗസുകളിൽ കേടായ കപ്പാസിറ്റർ മാറ്റി സ്ഥാപിച്ച് പവർ ഫാക്ടർ കുറവ് ചെയ്തും വൈദ്യുത ചാർജ്ജ് കുറച്ചുകൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ഡി) ഇക്കാര്യത്തിനായി സോളാർ പ്ലാന്റ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനു എത്ര രൂപ ചെലവഴിക്കേണ്ടിവരും ; വിശദമാക്കുമോ? | ഡി) ഉണ്ട്. ഇതിനാവശ്യമായ ചെലവിനെ സംബന്ധിച്ചുള്ള സാമ്പത്തികരൂപഘടന തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. |

Renaka Sankar
സെക്ഷൻ ഓഫീസർ